# CHAPTER - 5

## INSTRUCTION CONCERNING VARIOUS GROUPS IN THE CHURCH (5:1-6:10)

5:1-2 **വിവിധ പ്രായക്കാരോട് എങ്ങനെ പെരുമാറണം.**

4-ാം അദ്ധ്യായത്തിൽ തിമൊഥിയോട് തന്റെ വ്യക്തി ജീവിതവും ശുശ്രൂഷയും എപ്രകാരം ആയിരിക്കണം എന്ന് പറഞ്ഞിട്ട് ഇവിടെ വ്യക്തികളുമായുള്ള പെരുമാറ്റം, ഇടപെടൽ എങ്ങനെയായിരിക്കണം എന്നു പറയുന്നു.

**മൂത്തവരെ :** (Elderly people) ഇത്തരക്കാരെ കാണേണ്ടത് പിതൃതുല്യരായി. ഈ കൂട്ടരെ കുറ്റം പറയുന്നത് വളരെ സൂക്ഷിച്ചു വേണം. വളരെ സൗമ്യമായി വേണം ഈ പ്രായത്തിലുള്ളവരോട് ഇടപെടുവാൻ.

**ഇളയവരെ :** (Youngsters) ഈ ഗ്രൂപ്പിൽ പെട്ടവരെ സ്വന്തം സഹോദരന്മാരെപ്പോലെ കാണണം. നേരിട്ട് ഇടപെടാം. വേണ്ടതുപോലെ ഉപദേശിക്കാം.

**മൂത്ത സ്ത്രീകൾ :** (Elderly women) അമ്മമാരെപ്പോലെ കാണണം. ബഹുമാനത്തോടും സ്നേഹത്തോടും വേണം മൂത്ത സ്ത്രീകളോട് ഇടപെടാൻ.

**ഇളയസ്ത്രീകൾ :** (Younger women) പൂർണ്ണനിർമ്മലതയോടെ സ്വന്തം ഇളയസഹോദരികളോട് ഇടപെടുന്നതുപോലെ തന്നെ വേണം ഇടപെടുവാൻ.

ഒരു യുവാവായ അധ്യക്ഷൻ ഈ ഉപദേശങ്ങൾ ഹൃദയപൂർവ്വം പാലിക്കണം.

**5:3-16 വിധവമാരോട് എങ്ങനെ പെരുമാറണം**

പഴയനിയമത്തിലും പുതിയ നിയമത്തിലും സമൂഹത്തിലെ സഹായം അർഹിക്കുന്ന വിധവമാരെയും അനാഥരെയും എങ്ങനെ കരുതണം എന്നുള്ള ഉപദേശം വ്യക്തമായി കൊടുത്തിട്ടുണ്ട്.

Deut 10:18 (അനാഥർക്കും വിധവമാർക്കും ന്യായം നടത്തിക്കൊടുക്കുന്നു.)

Deut14:29 (യഹോവ നിന്നെ അനുഗ്രഹിക്കേണ്ടതിന് നിന്നോടു കൂടെ ഓഹരിയും അവകാശവുമില്ലാത്ത ലേവ്യനും, പരദേശിയും, അനാഥനും, വിധവയും വന്നു തിന്നു തൃപ്തരാകണം)

Acts 6:1-7 (വിധവമാരെ സഹായിക്കാനായി ഒന്നാം നൂറ്റാണ്ടിലെ സഭ കരുതൽ എടുക്കുന്നു.)

James 1:27 (ദൈവത്തിന്റെ മുമ്പാകെ ശുദ്ധിയും നിർമ്മലവുമായ ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു.)

സഭയുടെ ആരംഭത്തിൽ തന്നെ വിധവമാരെ സംരക്ഷിക്കാനുള്ള ക്രമീകരണം അപ്പൊ.പ്രവൃത്തി 6-ാം അദ്ധ്യായത്തിൽ തന്നെ നാം കാണുന്നു.

ഇതിന് ഏകദേശം 30 വർഷം കഴിഞ്ഞ് വി:പൗലൂസ് ഈ ലേഖനം എഴുതുമ്പോൾ, ഒരു പക്ഷെ ഈ വിധവാ സംരക്ഷണം സഭയ്ക്കു താങ്ങാൻ ബുദ്ധിമുട്ടുന്ന ഒരവസ്ഥ ഉണ്ടായിരിക്കാം. അതിനാൽ യഥാർത്ഥമായി സഹായം അർഹിക്കുന്നവരെ കണ്ടെത്താനുള്ള മാർഗ്ഗനിർദ്ദേശം പൗലൂസിന്റെ ഈ ഉപദേശത്തിൽ നിന്നും നമുക്കു കാണാം.

5:3,4 മക്കളോ കൊച്ചുമക്കളോ ഉള്ള വിധവമാരെ സംരക്ഷിക്കേണ്ട ചുമതല കുടുംബാംഗങ്ങൾ ഏറ്റെടുക്കണം. വിശ്വാസം പ്രായോഗികതലത്തിൽ ആദ്യം കാണിക്കേണ്ട സ്ഥലം കുടുംബം. എല്ലാ വിശ്വാസികളും ഈ കടമ നിർവഹിക്കണം. ഭക്തി ആദ്യം കുടുംബത്തിൽ ആരംഭിക്കട്ടെ. എന്നാൽ മക്കളോ കൊച്ചുമക്കളോ സംരക്ഷിക്കാനില്ലാത്ത വിധവമാരെ സഭ സംരക്ഷിക്കണം.

5:5 സഹായിക്കാൻ ആരും ഇല്ലാത്ത വിധവകൾ. അവർ പ്രാർത്ഥനയിലും യാചനയിലും ഉറ്റുപാർക്കുന്നു.

Luke 2:37 *ഹന്ന ദേവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും*

www.gospel.sajacobsreviews.com
fleettech@gmail.com

*പകലും ആരാധന ചെയ്തുപോന്നു. ഈ ദൈവദാസിക്കു കർത്താവിനെ കാണുവാൻ ഭാഗ്യമുണ്ടായി.*

5:6 5:5ൽ പറയുന്ന തരത്തിലുള്ള വിധവകളെ സഭ സംരക്ഷിക്കണം. എന്നാൽ വിവാഹം വീണ്ടും ആഗ്രഹിക്കുന്നവരോ, ലൗകികജീവിതത്തോടുള്ള അമിത ആഗ്രഹം ജഡീകമായി നിലനിൽക്കുകയും ചെയ്യുന്ന വിധവകളെ സഭാ സംരക്ഷണത്തിൻ കീഴിൽ കണക്കാക്കേണ്ടതില്ല.

5:7,8 സഭ സംരക്ഷിക്കുന്ന വിധവമാരുടെ ലിസ്റ്റ് മുകളിൽ പറഞ്ഞ ഉപദേശപ്രകാരമായിരിക്കണം.

ആരാണ് സംരക്ഷിക്കപ്പെടേണ്ട വിധവ- ഇതു വ്യക്തം.

ആരെയാണ് കുടുംബാംഗങ്ങൾ സംരക്ഷിക്കേണ്ടത് - ഇതും വ്യക്തം.

വിശ്വാസികളായ കുടുംബങ്ങൾ തങ്ങളുടെ ഉത്തരവാദിത്വം തീർച്ചയായും നിറവേറ്റണം.

തനിക്കുവേണ്ടിയും സ്വന്തകുടുംബത്തിനുവേണ്ടിയും തീർച്ചയായും കരുതേണ്ടത് വളരെ ആവശ്യം.

അവിശ്വാസികൾ പോലും ഈ തത്വം അറിയുന്നു. പാലിക്കുന്നു.

ആ സ്ഥിതിക്ക് വിശ്വാസിക്ക് ഒരു വിധത്തിലും ഈ ഉത്തരവാദിത്വത്തിൽ നിന്നും പിൻമാറാൻ കഴിയില്ല.

5:9-10 5:3 ൽ പറയുന്ന സഭയുടെ സംരക്ഷണം അർഹിക്കുന്ന വിധവയെപ്പറ്റി ഇവിടെ കൃത്യമായി വിവരിക്കുന്നു.

എന്തൊക്കെയാണ് യോഗ്യതകൾ?

a) 60 വയസിൻ മുകളിൽ പ്രായം

b) സ്വന്തം ഭർത്താവിന്റെ, അതായത് ഏകഭർത്താവിന്റെ, ഭാര്യ എന്നനിലയിൽ ജീവിച്ചവൾ.

c) സൽപ്രവൃത്തികൾ ചെയ്തവർ. എല്ലാവരാലും അപ്രകാരം അറിയപ്പെടുന്നവൾ.

എന്തുശുശ്രൂഷ ഇവർക്കു നൽകണം?

1 കുട്ടികളെ വളർത്തുന്ന വേല

2 അതിഥിസൽക്കാരം

3 വിശുദ്ധന്മാരുടെ കാലുകളെ കഴുകുക (വിനയപൂർവ്വമായ ശുശ്രൂഷ)

4 ബുദ്ധിമുട്ടുള്ളവരെ സഹായിക്കുക

5 സൽപ്രവൃത്തി ചെയ്യുക

സഭയ്ക്കുള്ളിൽ ഈവക ശുശ്രൂഷകൾക്കായി യഥാർത്ഥ വിധവകളായി തിരഞ്ഞെടുക്കപ്പെടുന്നവരെ നിയോഗിക്കാം.

5:11,12 സഭയുടെ സംരക്ഷണ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെടുന്ന വിധവകൾ, രണ്ടാം വിവാഹത്തിൽ നിന്നും ഒഴിഞ്ഞിരിക്കണം. അത്തരത്തിലുള്ള ഒരു സമർപ്പണം അവരിൽനിന്നും ഉണ്ടാകണം. ഈ സമർപ്പണത്തിൽ നിന്നും പിന്തിരിയുന്നത് ശിക്ഷാവിധിക്കു കാരണമാകും

5:13-15 ചെറുപ്പക്കാരായ വിധവകൾ, സഭയുടെ സംരക്ഷണ ലിസ്റ്റിൽ ചേർക്കപ്പെട്ടാൽ അത് കാലക്രമേണ പ്രയാസങ്ങൾക്കു കാരണമാകും.

പ്രായോഗികമായി പല ബുദ്ധിമുട്ടും അപവാദങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്.

വേണ്ടതും വേണ്ടാത്തതും പറഞ്ഞു നടന്നെന്നും വരാം.

പ്രായമായ വിധവമാരെപ്പോലെയുള്ള പക്വതയും വിനയവും സമർപ്പണവും അവരിൽ നിന്നും ഉണ്ടാകണമെന്നില്ല.

ആ വക സാത്താനും, സഭാ ശത്രുക്കളും സഭയ്ക്കെതിരായി ഉപയോഗിക്കാനും വഴിയുണ്ട്.

www.gospelsajacobsreviews.com
fleettech@gmail.com

ആയതിനാൽ വി.പൗലൂസിന്റെ ഉപദേശം. അവർ വിവാഹം കഴിക്കട്ടെ. കുടുംബം പുലർത്തട്ടെ.

5:16 ഒരു വിശ്വാസിനിയുടെ വീട്ടിൽ കുടുംബത്തിലുള്ള വിധവയെ സംരക്ഷിക്കാൻ വിശ്വാസിനിക്കു കഴിയും എങ്കിൽ അതുതന്നെ ഉത്തമം. സഭയ്ക്ക് അത്തരം ഭാരം കൊടുക്കാതിരിക്കുന്നതു നല്ലതും.

5:17-25 **മുതിർന്നവരെ എങ്ങനെ കാണണം.**

5:17 സഭയെ ശുശ്രൂഷിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന മൂപ്പന്മാരെ, അതായത് നേതൃത്വത്തിലുള്ളവരെ, എങ്ങനെ ബഹുമാനിക്കണം?

അവർ ദൈവവചനം പ്രഘോഷിക്കുന്നവർ. സഭയെ ഉപദേശിക്കുന്നവർ (Leaders who Preach & teach)

അവരുടെ അദ്ധ്വാനത്തെ ബഹുമാനത്തോടെ വേണം കാണുവാൻ.

അവർക്കു ഇരട്ടി മാനം കൊടുക്കണം.

5:18 ഇത്തരം ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന മൂപ്പന്മാരെ, സംരക്ഷിക്കാൻ സഭയ്ക്കു കഴിയണം. അതു യോഗ്യമായ പ്രവൃത്തിതന്നെ.

Duet 25:4 (കാള മെതിക്കുമ്പോൾ അതിനു മുഖകൊട്ട കെട്ടരുത്)

1Cor 9:13 (ദൈവാലയകർമ്മങ്ങൾ നടത്തുന്നവർ ദൈവാലയംകൊണ്ട് ഉപജീവിക്കുന്നു.)

1 Cor 9:14 (സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം)

10:10 (Mathew) വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ

കർത്തൃശുശ്രൂഷയിൽ ആത്മാർത്ഥതയോടെ വേലചെയ്യുന്നവരെ സംരക്ഷിക്കാനുള്ള കടപ്പാട് സഭയ്ക്കുണ്ട്.

5:19 കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്ന വ്യക്തികൾ ഒരപവാദത്തിലും പെടാതെ തങ്ങളെത്തന്നെ സൂക്ഷിക്കണം. നേതൃത്വസ്ഥാനത്തു നിൽക്കുന്നവർക്കെതിരെ ആരോപണങ്ങൾ ഉണ്ടാകാം. കാരണം ശത്രു വെറുതെയിരിക്കില്ല. അവൻ നിരന്തരം പ്രവൃത്തിച്ചുകൊണ്ടാണിരിക്കുന്നത്. ശരിയായ ആരോപണം ഏത്? ആരോപണത്തിനടിസ്ഥാനം എന്ത്? എങ്ങനെ അറിയും? രണ്ടു മൂന്നു സാക്ഷികൾ മുഖേന ആരോപണങ്ങൾ തെളിയിക്കപ്പെടണം. ഇതു പഴയനിയമത്തിലും നിഷ്ക്കർഷിക്കപ്പെട്ടിരിക്കുന്നു.

Deut 19:15 (രണ്ടോ മൂന്നോ സാക്ഷികളുടെ വാ മൊഴിയാൽ കാര്യം ഉറപ്പാക്കണം)

Deut 19:15 *മനുഷ്യൻ ചെയ്യുന്ന യാതൊരു അകൃത്യത്തിനോ പാപത്തിനോ അവന്റെ നേരെ ഏകസാക്ഷി നിൽക്കരുത്; രണ്ടോ മൂന്നോ സാക്ഷികളുടെ വാ മൊഴിയാൽ കാര്യം ഉറപ്പാക്കേണം*

Mark 18:16 (രണ്ടോ മൂന്നോ സാക്ഷികളുടെ വാ മൊഴിയാൽ കാര്യം ഉറപ്പാക്കണം)

Math 18:16 *രണ്ടു മൂന്നു സാക്ഷികളുടെ വായാൽ സകല കാര്യവും ഉറപ്പാക്കേണ്ടതിനു ഒന്നു രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക.*

5:20 മൂപ്പനുനേരെ, നേതൃസ്ഥാനം വഹിക്കുന്നവർക്കുനേരെ, ശുശ്രൂഷകർക്കുനേരെ, ആരോപണം ശരിയെന്നു തെളിഞ്ഞാൽ അവരെ പരസ്യമായി തന്നെ ശാസിക്കണം. സഭയ്ക്കുള്ളിൽ ശിക്ഷണം, വിശുദ്ധി ഈ വക നിലനിൽക്കണമെങ്കിൽ ഇതു നിർബന്ധമായും പാലിക്കേണ്ടതുതന്നെ.

ഇന്നത്തെ സഭകളിൽ ഈ കാര്യങ്ങൾ നടക്കാറില്ല. കാരണം സഭ ഭരിക്കുന്നവർക്കെതിരെ മിണ്ടുവാൻ ആർക്കും ധൈര്യം ഇല്ല. മാത്രമല്ല നേതൃത്വത്തിൻ നിൽക്കുന്നവരുടെ സ്വാധീനം വളരെ വലുതാണ്.

5:21 വി.പൗലൂസ് വളരെ ശക്തിയായിത്തന്നെ കല്പിക്കുകയാണ്. മുഖം നോക്കാതെ ശിക്ഷണം വരുത്തണം. ഈ അധികാരത്തിന് മൂന്നു നാമങ്ങളെ വി.പൗലൂസ് ഉപയോഗിക്കുന്നു. ദൈവത്തെ, ക്രിസ്തുവിനെ, ശ്രേഷ്ഠദൂതന്മാരെ.

www.gospelsajacobsreviews.com

fleettech@gmail.com

നീതിയുള്ള ന്യായവിധിയുടെ അധികാരികളാണിവർ

Math 25 : 31 *മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും.*

Mark 8:38 *മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും.*

Luke 9:26 (മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ)

Luke 9:26 *ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും.*

5:22 യാതൊരുത്തന്റെയും മേൽ വേഗത്തിൽ കൈവെക്കരുത്. ഏതെങ്കിലും ഒരു സഭയുടെ നേതൃസ്ഥാനത്തേക്ക് ഒരു വിശ്വാസിയെ അധ്യക്ഷ പദവിയിലേക്ക് അഭിഷേകം ചെയ്യുമ്പോൾ സൂക്ഷിക്കുക. ആ വ്യക്തിയെ സംശയത്തിനു യാതൊരു ഇടയും ഇല്ലാതെവണ്ണം പഠിക്കുക. യോഗ്യൻ ആണെന്ന് ഉറപ്പുവരുത്തുക.

പെട്ടെന്നുള്ള തീരുമാനം ആകരുത്. തലയിൽ കൈവെച്ച്, അധ്യക്ഷസ്ഥാനത്തേക്ക് പ്രാർത്ഥിച്ച് പ്രതിഷ്ഠിക്കുന്ന വ്യക്തി തികച്ചും ദൈവസന്നിധിയിൽ അതിനു യോഗ്യൻ ആയിരിക്കണം.

പെട്ടെന്നു കൈവെച്ച് അധികാരസ്ഥാനത്തേക്ക് തിമൊഥി ഉയർത്തിയ വ്യക്തി തെറ്റു ചെയ്താൽ ആ തെറ്റിന്റെ കൂട്ടുത്തരവാദിത്വം തിമൊഥിക്കും ഉണ്ടായേക്കാം. അതു കൊണ്ടാണ് വി. പൗലൂസ് പറഞ്ഞത് അന്യന്റെ പാപത്തിൽ ഓഹരിക്കാരനാകരുത്.

ഉദാ: ഒരു മദ്യപനെ അധ്യക്ഷനായി അവരോധിച്ചാൽ തിമൊഥിയും മദ്യപൻ എന്നു വരുന്നു.

ഒരു ദ്രവ്യാഗ്രഹിയെ അധ്യക്ഷനായി അവരോധിച്ചാൽ ദ്രവ്യാഗ്രഹി എന്നു വരുന്നു.

ഒരു ദുർന്നടപ്പുകാരനെ അധ്യക്ഷനായി അവരോധിച്ചാൽ തിമൊഥിയും ദുർന്നടപ്പുകാരൻ എന്നു വരുന്നു.

ഏതായാലും ഒരു കാര്യം തിമൊഥി ഉറപ്പാക്കണം - തന്നെതന്നെ നിർമ്മലനായി സൂക്ഷിക്കണം.

5:23 ഇതു തിമൊഥിക്കുള്ള ഒരു വ്യക്തിപരമായ ഉപദേശം മാത്രം. സന്ദർഭോജിതമായി പൗലൂസ് കല്പിച്ചു എന്നേയുള്ളൂ. ഈ വാക്യം ഒരു BRACKETED VERSE ആയി കാണുന്നു. തിമോത്തിയുടെ ആരോഗ്യം പലപ്പോഴും പ്രയാസമുള്ളതായിരിക്കാം. വീഞ്ഞ് അല്പം മരുന്നിനു മാത്രം സേവിക്കാനാണ് ഉപദേശം. അജീർണ്ണത, കൂടെക്കൂടെയുള്ള ക്ഷീണം തിമൊഥിയെ ബാധിച്ചിരുന്നു. മദ്യം ഉപയോഗിക്കാനുള്ള അനുവാദമായി പലരും ഇതിനെ തെറ്റിദ്ധരിക്കുന്നു. വി. പൗലൂസ് ഒരിക്കലും "മദ്യപാനം" ചെയ്യാനുള്ള അനുവാദം ആർക്കും കൊടുത്തിട്ടില്ല.

5:24-25 22-ാം വാക്യം ഇവിടെ തുടരുകയാണ്.

സകല മനുഷ്യരും ഒരേ രംഗത്തേക്കാണു യാത്ര ചെയ്യുന്നത്. ന്യായവിധി ദിവസത്തേക്ക്. എല്ലാവരും തങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രാപിക്കും. ചിലരുടെ പാപങ്ങൾ അവർ ജീവിച്ചിരിക്കുന്ന സമൂഹത്തിൽ തന്നെ വെളിവാകും.ചിലരുടെ പാപങ്ങൾ, അതുപോലെ നല്ല പ്രവൃത്തികൾ, കാലക്രമേണ മാത്രമെ വെളിവാകയുള്ളൂ. ചിലപാപങ്ങൾ ജീവിത കാലത്തിനു ശേഷമാകും വെളിപ്പെട്ടുവരിക. വി. പൗലൂസ് അധ്യക്ഷപദവിയിലേക്ക് വ്യക്തികളെ തിരഞ്ഞെടുക്കുന്നതിലുള്ള ബുദ്ധിമുട്ട് തിമൊഥിയെ പറഞ്ഞു മനസ്സിലാക്കുകയാണ്.

പെട്ടെന്ന് എടുക്കുന്ന തീരുമാനങ്ങൾ ചിലത് വളരെയധികം തെറ്റാണെന്നു വന്നേക്കാം. പെട്ടെന്ന് എടുക്കുന്ന തീരുമാനങ്ങൾ നല്ലതോ, ചീത്തയോ എന്നറിയാൻ ചിലപ്പോൾ സമയം എടുക്കും. അതുകൊണ്ട് പെട്ടെന്ന് തിരക്കു പിടിച്ച് ആരെയും അധികാര സ്ഥാനത്തേക്ക് ഉയർത്തരുത്. നല്ല പ്രവൃത്തിയും, വിശ്വാസവും, വിനയവും, സൗമ്യതയും

www.gospel.sajacobsreviews.com
fleettech@gmail.com

ഒക്കെ വെളിവാകട്ടെ അതിനുള്ള സമയം കൊടുക്കുക. അർഹിക്കുന്നവരെ തെരഞ്ഞെടുക്കാൻ അതു സഹായകമാകും.

www.gospel.sajacobsreviews.com

fleettech@gmail.com